# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തൊഴിൽ സാദ്ധ്യത</u>

5665 ശ്രീ. എ. കെ. ബാലൻ
,, പി. ശ്രീരാമകൃഷ്ണൻ
,, റ്റി. വി. രാജേഷ്
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽമേഖലയിലെ സാദ്ധ്യതകൾ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽദിനങ്ങൾ കുറഞ്ഞുകൊണ്ടിരിക്കുന്നതിന്റെയും തൊഴിലില്ലായ്മയുടെയും പശ്ചാത്തലം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് പ്രധാനമായി ഏതെല്ലാം നിലയിലുള്ള തൊഴിലവസരങ്ങളാണ് കുറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) തൊഴിൽ സാദ്ധ്യതയുടെ അഭാവം വിദഗ്ദ്ധ പ്രൊഫഷണൽ, അർദ്ധവിദഗ്ദ്ധ, അവിദ്ഗ്ദ്ധ തൊഴിലാളികളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികളും വേതന സുരക്ഷയും</u>

5666 ശ്രീ. എം. പി. വിൻസെന്റ്
,, ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായി വേതന സുരക്ഷാ പദ്ധതി നടപ്പാക്കാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ പദ്ധതി നടപ്പാക്കാൻ ആരെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഫിനിഷിംഗ് സ്കൂളുകളിൽ പരിശീലനം</u>

5667 ശ്രീ. ഷാഫി പറമ്പിൽ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാത്ത യുവതീ യുവാക്കൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നേടുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ;

(ബി) വിദേശരാജ്യങ്ങളിൽ തൊഴിൽ നേടുന്നതിനുള്ള പ്രാപ്തി നേടുന്നതിന് ഫിനിഷിംഗ് സ്കൂളുകളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കൂടുതൽ വിദേശതൊഴിൽ ദാതാക്കളെ കണ്ടെത്തുവാൻ ശ്രമിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വ്യാവസായിക തൊഴിലാളികൾക്ക് തൊഴിൽ പരിശിലനം</u>

5668 ശ്രീ. പാലോട് രവി
,, വി. പി. സജീന്ദ്രൻ
,, പി. എ. മാധവൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക തൊഴിലാളികൾക്കും പരിശീലകർക്കും മികവുറ്റ തൊഴിൽ പരിശീലനം നൽകുന്നതിന് തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പരിശീലന പരിപാടിയിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിന് പ്രാമുഖ്യം നൽകുമോ ;

(സി) പരിശീലന പരിപാടികൾ സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടത്തുന്നത് ;

(ഡി) ഇതിനു വേണ്ട ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഐ. റ്റി. മേഖലയിലെ തൊഴിൽ നിയമം</u>

5669 ശ്രീ. വി. ഡി. സതീശൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തൊഴിൽ നിയമങ്ങളിലെ വ്യവസ്ഥകളാണ് ഐ. റ്റി. രംഗത്ത് നടപ്പാക്കി വരുന്നത്;

(ബി) നിലവിലുള്ള തൊഴിൽ നിയമങ്ങൾ ഈ രംഗത്ത് നടപ്പാക്കാൻ ശ്രമിക്കുന്നതുമൂലമുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(ഡി) ഈ രംഗത്ത് സ്വയം നിയന്ത്രിത തൊഴിൽ ചട്ടങ്ങൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ തൊഴിലാളി സംഘടനകളുമായി കൂടിയാലോചിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>യുവാക്കൾക്ക് തൊഴിൽ പരിശീലനം</u>

5670 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള പരിഹാരത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) തൊഴിൽരഹിതരായ യുവാക്കൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനവും പുന:പരിശീലനവും നൽകുന്ന ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ലേബർ കമ്മീഷണറേറ്റ് പുന:സംഘടന

5671 ശ്രീ. കെ. ശിവദാസൻ നായർ
,, എം. എ. വാഹീദ്
,, പി. സി. വിഷ്ണുനാഥ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലേബർ കമ്മീഷണറേറ്റ് പുന:സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്ങനെയുള്ള പുന:സംഘടനയെക്കുറിച്ചാണ് ആലോചിക്കുന്നത്;

(സി) പുന:സംഘടിപ്പിക്കുന്ന വേളയിൽ തൊഴിൽ നിയമങ്ങളിൽ വന്ന കാലോചിത മാറ്റവും മറ്റ് അനാരോഗ്യ പ്രവണതകളും കൂടി പരിഗണിക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസ്</u>

5672 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ തയ്യൽ തൊഴിലാളി ക്ഷേമനിധി ഓഫീസ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ജില്ലയിൽ എവിടെയാണ് ഇതിന്റെ ആസ്ഥാനം എന്നും ഓഫീസ് പ്രവർത്തനം എപ്പോൾ ആരംഭിക്കുമെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശൂർ മേഖലാ ഓഫീസ്

5673 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭരണ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ തൃശൂർ മേഖലാ ഓഫീസ് തുറന്നിട്ട് നാല് മാസം പിന്നിട്ടിട്ടും എക്സിക്യൂട്ടീവ് ഓഫീസർ തസ്തിക ഒഴിഞ്ഞു കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) അടിയന്തിരമായി എക്സിക്യൂട്ടീവ് ഓഫീസറെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>'ലൈറ്റ് ആന്റ് സൗണ്ട്' വിഭാഗത്തിനായി ക്ഷേമനിധി</u>

5674 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ തൊഴിൽ വിഭാഗങ്ങളെയാണ് ഇനി ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ബി) സമയക്ലിപ്തതയില്ലാതെ ജോലി ചെയ്യുന്ന 'ലൈറ്റ് ആന്റ് സൗണ്ട്' വിഭാഗത്തിൽപ്പെടുന്നവരെ ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്തുമോ;

(സി) എങ്കിൽ വിവേചനമില്ലാതെ ഈ രംഗത്ത് തൊഴിൽ എടുക്കുന്ന മുഴുവൻ പേരെയും ക്ഷേമനിധിയുടെ പരിധിയിൽകൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തൊഴിലാളി ക്ഷേമനിധിബോർഡുകൾ</u>
<u>കാര്യക്ഷമമാക്കാൻ നടപടി</u>

5675 ശ്രീ. പി.കെ. ഗുരുദാസൻ
'' ജെയിംസ് മാത്യു
'' കെ.കെ. ലതിക
'' പി.റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിലാളിക്ഷേമനിധി ബോർഡുകൾ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) സാമ്പത്തികമായി സ്വയം പര്യാപ്തമല്ലാത്ത ക്ഷേമനിധികൾ ഏതൊക്കെയാണ്;

(സി) ക്ഷേമനിധികളുടെ ഫണ്ട് വിനിയോഗവും ഡെപ്പോസിറ്റും സംബന്ധിച്ച് പുതുതായി എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

കര്‍ഷകതൊഴിലാളിക്ഷേമനിധിയിലേക്ക്
ഭൂഉടമാവിഹിത വര്‍ദ്ധനവ്

5676 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കര്‍ഷകതൊഴിലാളി ക്ഷേമനിധിയിലേക്ക് അടയ്ക്കേണ്ട ഭൂഉടമാവിഹിത വര്‍ദ്ധനവ് എന്ന് മുതല്‍ പ്രാബല്യത്തില്‍ വന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) വര്‍ദ്ധിത നിരക്ക് എത്രയാണ് ; അവ പിരിച്ചെടുക്കുന്നതിനുള്ള നിര്‍ദ്ദേശം റവന്യു വകുപ്പിന് നല്‍കിയിട്ടുണ്ടോ ; എങ്കില്‍ എന്ന് മുതല്‍ വര്‍ദ്ധിച്ച നിരക്കില്‍ ഉടമാവിഹിതം പിരിച്ചെടുത്ത് തുടങ്ങിയെന്ന് വ്യക്തമാക്കാമോ ;

(സി) ഉടമാവിഹിതം പിരിച്ചെടുക്കുന്നതിന് 6.9.1993 ല്‍ 53734/ഇ/93/ആര്‍.സി(റവന്യു) നമ്പറായി പുറപ്പെടുവിച്ചിട്ടുള്ള മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കര്‍ഷകതൊഴിലാളിക്ഷേമനിധി ബോര്‍ഡില്‍ നിന്നും, തൊഴിലും പുനരധിവാസവും(ആര്‍) വകുപ്പില്‍ നിന്നും എന്തെങ്കിലും പ്രൊപ്പോസല്‍ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കില്‍ അതിന്മേല്‍ സ്വീകരിച്ച നടപടി വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ്</u>

5677 ശ്രീ. കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരള) വകുപ്പിൽ 2010 മാർച്ച് 31-ലെ റിട്ടയർമെന്റ് മൂലം വിവിധ തസ്തികകളിൽ നിലവിൽ വന്ന ഒഴിവുകളിലേക്ക് ഇനി പ്രൊമോഷൻ നടത്താൻ ബാക്കിയുണ്ടോ ;

(ബി) എങ്കിൽ പ്രൊമോഷൻ നടത്താതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

5678 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ 30.9.2011 വരെ എത്ര തൊഴിലന്വേഷകർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എന്തൊക്കെ തൊഴിൽ പദ്ധതികളാണ് നിലവിലുള്ളത് ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകള്‍</u>

5679 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പാലക്കാട് ജില്ലയില്‍ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളില്‍ രജിസ്റ്റര്‍ ചെയ്ത തൊഴില്‍ രഹിതരുടെ എണ്ണം എക്സ്ചേഞ്ച് തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം രജിസ്റ്റര്‍ ചെയ്തവരില്‍ സ്ത്രീകള്‍, പുരുഷന്‍മാര്‍, വൈകല്യമുള്ളവര്‍, വിധവകള്‍ എന്നിവര്‍ എത്രവീതം എന്ന് വ്യക്തമാക്കാമോ;

(സി) ഈ സര്‍ക്കാര്‍ നിലവില്‍ വന്നതിനുശേഷം ജില്ലയിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളില്‍ നിന്ന് എത്ര പേര്‍ക്ക് തൊഴില്‍ നല്‍കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

വിവിധ തൊഴിൽ മേഖലകളിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കാൻ പദ്ധതി

5680 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനങ്ങൾ തൊഴിൽ ചെയ്യാൻ മടിക്കുന്ന നിരവധി മേഖലകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം തൊഴിൽ മേഖലകളിലേയ്ക്കു യുവജനങ്ങളെ ആകർഷിക്കുവാൻ തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) കാർഷിക മേഖലയും നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട് വിവിധതരം ജോലികളിൽ യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിവിധ തൊഴിൽ മേഖലകളിൽ പരിശീലനമുള്ളതും തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ളതുമായ യുവാക്കളുടെ ടീമിനെ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുവാനും ഇവരുടെ ലിസ്റ്റ് തയ്യാറാക്കി പൊതുജനങ്ങൾക്ക് ആവശ്യാനുസരണം ന്യായമായ കൂലിവ്യവസ്ഥയിൽ ലഭ്യമാക്കുവാനുമുള്ള ഒരു സംവിധാനത്തിന് നേതൃത്വം നൽകുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കുറഞ്ഞ കൂലി നിശ്ചയിക്കുന്ന കമ്മിറ്റികൾ</u>

5681 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള എത്ര കമ്മിറ്റികളാണ് തൊഴിൽ മേഖലയിൽ നിവിലുള്ളത്;

(ബി) പ്രസ്തുത കമ്മിറ്റികൾ ഓരോ തൊഴിലിനും നിശ്ചയിച്ചിട്ടുള്ള കുറഞ്ഞകൂലി എത്രയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനം</u>

5682 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവർ എത്ര യെന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണി ക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനം പറ്റുന്ന അനർഹരെ ഒഴിവാക്കാൻ നടപടി</u>

5683 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൊഴിൽ ചെയ്യുന്ന പലരും തൊഴിൽ രഹിതരായി രജിസ്റ്റർ ചെയ്ത് തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നത് തടയാൻ കർശന പരിശോധന ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തൊഴിലില്ലായ്മ വേതനം</u>

5684 ശ്രീ. എ. എ. അസീസ്
'' കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത എത്ര പേർക്കാണ് തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) എത്ര രൂപയാണ് തൊഴിലില്ലായ്മ വേതനമായി നൽകുന്നത്;

(സി) ഈ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>തൊഴിൽ വകുപ്പ് വിതരണം ചെയ്ത ആനുകൂല്യങ്ങൾ</u>

5685 ശ്രീ. എ. റ്റി. ജോർജ്
,, വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം തൊഴിൽ വകുപ്പ് എത്ര രൂപയുടെ വിവിധ ആനുകൂല്യങ്ങൾ വിതരണം ചെയ്തു ;

(ബി) ഏതെല്ലാം മേഖലയിലുള്ളവർക്കാണ് ഇവ വിതരണം ചെയ്തത്, വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) മുൻ സർക്കാർ ഈ മേഖലയിലുള്ളവർക്ക് എത്ര രൂപ ആണ് വിതരണം ചെയ്തിരുന്നത് ;

(ഡി) ഈ സർക്കാർ എത്ര തുകയാണ് ഓരോ ഇനത്തിലും വർദ്ധിപ്പിച്ചത് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ബാലവേല നിരീക്ഷിക്കുന്നതിന് ഉദ്യോഗസ്ഥതല സംവിധാനം</u>

5686 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടണങ്ങളിലെ ഹോട്ടലുകളിൽ പ്രായപൂർത്തിയാകാത്ത കുട്ടികളെക്കൊണ്ട് ജോലി ചെയ്യിക്കുന്നത് കണ്ടുപിടിക്കാൻ ഉദ്യോഗസ്ഥതല സംവിധാനം നിലവിലുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം നൽകുമോ ;

(സി) തുടരെ സന്ദർശനം നടത്തി ബാലവേല തുടച്ചു നീക്കാൻ നിർദ്ദേശം നൽകുമോ ;

(ഡി) ബാലവേല ചെയ്യിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ലൈസൻസ് റദ്ദ് ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) ബാലവേല ചെയ്യിച്ചവർക്കെതിരെ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തു?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>അസിസ്റ്റന്റ് ഹോസ്റ്റല്‍ സൂപ്രണ്ട്</u>

5687 ശ്രീ. റ്റി. എന്‍. പ്രതാപന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ ഐ.ടി.ഐ. കളിലെ പെണ്‍കുട്ടികള്‍ക്കായുള്ള ഹോസ്റ്റലിലേയ്ക്ക് അസിസ്റ്റന്റ് ഹോസ്റ്റല്‍ സൂപ്രണ്ട് (ഫീമെയില്‍) തസ്തികയിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഐ.ടി.ഐ. കളില്‍ എത്ര സ്ഥലത്ത് വനിതാ ഹോസ്റ്റല്‍ പ്രവര്‍ത്തിക്കുന്നുണ്ട്; അവ എവിടെയെല്ലാമാണ്; അവിടെ അസിസ്റ്റന്റ് ഹോസ്റ്റല്‍ സൂപ്രണ്ടുമാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കില്‍ കാരണം വിശദമാക്കാമോ;

(സി) ട്രെയിനികള്‍ക്കായുള്ള ഹോസ്റ്റല്‍ പ്രവര്‍ത്തനം ഇല്ലാത്ത ഐ.ടി.ഐ.കളില്‍ അസിസ്റ്റന്റ് ഹോസ്റ്റല്‍ സൂപ്രണ്ടുമാരെ ജോലി ചെയ്യാന്‍ അനുവദിച്ചിട്ടുണ്ടോ; എങ്കില്‍ അത്തരം നടപടികള്‍ പുന:പരിശോധിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികള്‍ സാമ്പത്തിക രംഗത്ത് ചെലുത്തുന്ന സ്വാധീനം</u>

5688 ശ്രീ. എസ്. ശര്‍മ്മ
,, വി. ശിവന്‍കുട്ടി
,, സി. കെ. സദാശിവന്‍
,, രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച വിവരശേഖരണത്തിന് സര്‍ക്കാര്‍ തലത്തിലുള്ള നടപടികള്‍ വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ളവരില്‍ ക്രിമിനല്‍ പശ്ചാത്തലം ഉള്ളവരെ സംബന്ധിച്ച് എന്തെങ്കിലും വിവരങ്ങള്‍ കൈവശമുണ്ടോ; അതിന്മേല്‍ സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കാമോ?

(സി) അന്യസംസ്ഥാന തൊഴിലാളികള്‍ സംസ്ഥാനത്തിന്റെ സാമ്പത്തികരംഗത്ത് ചെലുത്തുന്ന സ്വാധീനം സംബന്ധിച്ച് പഠനം നടത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>അന്യസംസ്ഥാന തൊഴിലാളികൾ</u>

5689 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യത്തിന്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

അന്യസംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച കണക്ക് എടുക്കുന്നതിനും ഇവരുടെ സേവന വേതന വ്യവസ്ഥകൾ നിജപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>അസംഘടിത മേഖലയിൽ സ്ത്രീകളുടെ തൊഴിൽ സുരക്ഷിതത്വം</u>

5690 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അസംഘടിത മേഖലയിൽ എത്ര സ്ത്രീകൾ തൊഴിലെടുത്തുവരുന്നുണ്ടെന്ന കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കണക്ക് ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ തൊഴിൽ സുരക്ഷിതത്വവും സേവന വേതന വ്യവസ്ഥകളും മെച്ചപ്പെടുത്തുന്നതിനും അവർക്ക് പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ

5691 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, റ്റി. എൻ. പ്രതാപൻ
,, കെ. അച്ചുതൻ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റുകൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊണ്ടിട്ടുള്ളത് ;

(ബി) പ്രസ്തുത യൂണിറ്റുകൾ വഴി നടത്തി വരുന്ന പദ്ധതികൾക്ക് വിദ്യാഭ്യാസപരവും തൊഴിൽപരവുമായ നിർദ്ദേശങ്ങൾ നൽകുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കരിയർ പ്രദർശനങ്ങളും പ്രഭാഷണങ്ങളും സംഘടിപ്പിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ബയോമെഡിക്കൽ എക്യുപ്മെന്റ് കോഴ്സുകൾ
നടത്തുന്ന ഐ. ടി. ഐ. കൾ

5692 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കളിലെ കാലഹരണപ്പെട്ട കോഴ്സുകൾ പുന: സംഘടിപ്പിക്കുമോ;

(ബി) ഐ. ടി. ഐ. കളിൽ മികച്ച നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കോഴ്സുകൾ ആരംഭിക്കുമോ; വിശദമാക്കുമോ;

(സി) ബയോമെഡിക്കൽ എക്യുപ്മെന്റ് കോഴ്സുകൾ ഏതൊക്കെ ഐ. ടി.ഐ കളിൽ നിലവിൽ ഉണ്ട് ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐ

5693 ശ്രീ. എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സ.ഉ.11/2004-ാം നമ്പർ പ്രകാരം ഭരണാനുമതി ലഭിച്ച വയനാട്ടിലെ മോഡൽ റസിഡൻഷ്യൽ ഐ.ടി.ഐയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിനുള്ള പ്രധാന തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) വയനാട് ഐ.ടി.ഡി.പിയുടെ കീഴിൽ മുണ്ടേരിയിൽ പ്രവർത്തിക്കുന്ന ഗവ: മോഡൽ റസിഡൻഷ്യൽ സ്കൂളിൽ, പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഐ. ടി. ഐ. കളിൽ നടപ്പിലാക്കിയ എം. ഇ. എസ്. പദ്ധതി

5694 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കളിൽ നടപ്പിലാക്കിയ എം. ഇ. എസ്. പദ്ധതിയുടെ ലക്ഷ്യങ്ങളെന്തൊക്കെയായിരുന്നു;

(ബി) ഇതിന്റെ ഭാഗമായി കേരളത്തിൽ എത്രപേർക്ക് ട്രെയിനിംഗ് നൽകുന്നതിന് സാധിച്ചിട്ടുണ്ട്;

(സി) ഇതിലേക്കായി തെരഞ്ഞെടുക്കപ്പെട്ട മേഖലകൾ ഏതൊക്കെയായിരുന്നു;

(ഡി) പ്രസ്തുത മേഖലകൾ നിശ്ചയിച്ചപ്പോൾ കേരളത്തിന്റെ തൊഴിൽപരവും വ്യാവസായികവുമായ ആവശ്യകത കണക്കിലെടുത്തിരുന്നുവോ;

(ഇ) പ്രസ്തുത പദ്ധതിയുടെ ഗുണഫലങ്ങൾ വിശദമാക്കാമോ?

# കേരള നിയമസഭ

## 27.10.2011-ലെ മറുപടിക്ക്

ഐ. ടി. ഐ. കളിലെ മെഷീന്‍ മെയിന്റനന്‍സ് സെല്‍

5695 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ എത്ര ഐ. ടി. ഐ. കളിലാണ് മെഷീന്‍ മെയിന്റനന്‍സ് സെല്‍ (എം. എം. സി.) നിലവിലുണ്ടായിരുന്നത്; എം. എം. സി. കളുടെ ചുമതലകള്‍ എന്തെല്ലാമായിരുന്നു;

(ബി) ആയതു നിര്‍ത്തലാക്കുന്നതിനായി വകുപ്പ് ഉത്തരവിറക്കിയിട്ടുണ്ടോ; പകര്‍പ്പ് ലഭ്യമാക്കാമോ;

(സി) ഇങ്ങനെ എം. എം. സി. കള്‍ നിര്‍ത്തലാക്കാന്‍ ഉണ്ടായിട്ടുള്ള സാഹചര്യം എന്താണ്; ഐ. ടി. ഐ. കളില്‍ പുതുതായി വാങ്ങുന്ന മെഷീനറികള്‍ മെയിന്റനന്‍സ് ആവശ്യമില്ലാത്തവയാണോ ;

(ഡി) അല്ലെങ്കില്‍ എം. എം. സി. കള്‍ നിര്‍ത്തലാക്കുമ്പോള്‍ നിലവിലുള്ള മെഷിനറികള്‍ മെയിന്റയിന്‍ ചെയ്യപ്പെടുന്നതിനായി എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോ;

(ഇ) കഴിഞ്ഞ 10 വര്‍ഷത്തിനിടയില്‍ എം. എം. സി. കളുടെ പ്രവര്‍ത്തനത്തെ സംബന്ധിച്ച് വിശദമായ ചര്‍ച്ച നടത്തിയിട്ടുണ്ടോ; ആയതിന്റെ മിനിറ്റ്സിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ; ഇത്തരം യോഗങ്ങളിലെപ്പോഴെങ്കിലും എം. എം. സി. നിര്‍ത്തലാക്കണമെന്ന തീരുമാനമെടുത്തിട്ടുണ്ടോ;

(എഫ്) വകുപ്പിലെ ഏതെങ്കിലും സ്ഥാപനങ്ങള്‍ പ്രവര്‍ത്തനത്തില്‍ പോരായ്മ വരുത്തിയാല്‍ അവ നിര്‍ത്തിവയ്ക്കുവാന്‍ നിലവില്‍ ഉത്തരവുണ്ടോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടി ഐ.ടി.ഐയിൽ പുതിയ കോഴ്സുകൾ</u>

5696 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം കോഴ്സുകളാണ് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>ഐ. ടി. ഐ. ലെ സ്പോക്കൺ ഇംഗ്ലീഷ് പദ്ധതി</u>

5697 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ. ടി. ഐ. കളിൽ നടപ്പിലാക്കിയ സ്പോക്കൺ ഇംഗ്ലീഷ് പദ്ധതിയുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതി ഇപ്പോഴും തുടരുന്നുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ട്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഒല്ലൂര്‍ മണ്ഡലത്തില്‍ ഐ. ടി. ഐ.</u>

5698 ശ്രീ. എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഒല്ലൂര്‍ നിയോജകമണ്ഡലത്തില്‍ ഐ. ടി. ഐ. സ്ഥാപിക്കുന്നതിനുള്ള അപേക്ഷ പരിഗണനയിലുണ്ടോ; ഇതിനുള്ള നടപടികള്‍ ഏത് ഘട്ടത്തിലാണ്?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ജോബ് ഫെസ്റ്റ്</u>

5699 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൊഴിൽ സാധ്യത കൂടുതലുള്ള വിവിധ യൂണിവേഴ്സിറ്റി കോഴ്സുകളെ സംബന്ധിച്ചും, അത്തരം കോഴ്സുകൾ ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ ആണ് ഉള്ളതെന്നും സംബന്ധിച്ച വിശദാംശങ്ങൾ യുവജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി തൊഴിൽ വകുപ്പ് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചു വരുന്നത്;

(ബി) തൊഴിൽ അന്വേഷകരെ സഹായിക്കുന്നതിനായി തൊഴിൽ ദാതാക്കളെ ഒരു കൂരയ്ക്ക് കീഴിൽ കൊണ്ടുവരുന്ന ''ജോബ് ഫെസ്റ്റുകൾ '' ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ സംഘടിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>വ്യാവസായിക പരിശീലന ഡയറക്ടറേറ്റിന്റെ നവീകരണം</u>

5700 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ഡയറക്ടറേറ്റിലെ ആസൂത്രണ നിരീക്ഷണ വിഭാഗം ആധുനീകരിച്ച് ശക്തിപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കാമോ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>കശുവണ്ടി തൊഴിലാളികൾക്കുള്ള തൊഴിൽ സൗകര്യങ്ങൾ</u>

5701 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിതൊഴിലാളികൾക്ക് പ്രതിവർഷം എത്ര തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ കഴിയും; വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ആകെ എത്ര കശുവണ്ടി സഹകരണ ഫാക്ടറികൾ നിലവിലുണ്ട്; കോർപ്പറേഷന്റെ കീഴിലുളളതും അല്ലാത്തതും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) കശുവണ്ടിതൊഴിലാളികൾക്ക് കൂലിനിരക്ക് എത്ര വീതമാണ്; തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) കശുവണ്ടിതൊഴിലാളികൾക്ക് എന്തെല്ലാം ചികിത്സാപദ്ധതികൾ നിലവിലുണ്ട് ;

(ഇ) ഭൂരിപക്ഷം സ്ത്രീ തൊഴിലാളികൾ പണിയെടുക്കുന്ന ഈ മേഖലയിൽ ഇവർക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാറില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കാനുളള ഉദ്യോഗസ്ഥൻ ആരാണ് ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>തൊഴിൽ അന്വേഷകർ</u>

5702 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കഴിഞ്ഞ അഞ്ചു വർഷത്തെ തൊഴിൽ അന്വേഷകരുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഇതിൽ പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലും പെട്ടവരുടെ കഴിഞ്ഞ 5 വർഷത്തെ എണ്ണം വർഷം തിരിച്ച് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കേരള റിക്കഗ്നീഷൻ ഓഫ് ട്രേഡ് യൂണിയൻ ആക്ട്</u>

5703 ശ്രീ. പി. റ്റി.എ റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള റിക്കഗ്നീഷൻ ഓഫ് ട്രേഡ് യൂണിയൻ ആക്ട് നിലവിൽ വന്നത് എന്ന് മുതലാണ്;

(ബി) ഈ ആക്ട് നിലവിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര വ്യവസായ സ്ഥാപനങ്ങളിൽ യൂണിയനുകളുടെ അംഗീകാരത്തിനായുള്ള റഫറണ്ടം നടന്നിട്ടുണ്ട്;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ ഏതെല്ലാം യൂണിയനുകൾ രജിസ്ട്രേഷന് അപേക്ഷ നൽകിയിട്ടുണ്ട്; വിശദമാക്കാമോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

<u>തൊഴിൽ നിയമങ്ങളിലെ ഭേദഗതി</u>

5704 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിലുള്ള തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കപ്പെടേണ്ടതാണ് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 1948-ലെ മിനിമം വേജസ് ആക്റ്റും, നാഷണൽ ആൻഡ് ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്റ്റും ഉൾപ്പെടെയുള്ള നിയമങ്ങൾ ലംഘിച്ചാലുള്ള പിഴശിക്ഷ വളരെ ലളിതമായതിനാൽ ഇത്തരം നിയമങ്ങൾ തൊഴിലുടമകൾ ലംഘിക്കുന്നതിനുള്ള പ്രവണത കാട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ സാഹചര്യത്തിൽ പ്രസ്തുത നിയമങ്ങൾ ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 27.10.2011-ലെ മറുപടിക്ക്

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ്
വെൽഫെയർ ഫണ്ട്

5705 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ടിലേയ്ക്ക് സെസ് അദാലത്തിലൂടെ എത്ര തുകയാണ് ലഭിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് ഇനി ലഭിക്കാനുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

ഇ. എസ്. ഐ. ആശുപത്രികളുടെയും
ഡിസ്പെൻസറികളുടെയും നവീകരണം

5706

ശ്രീ. വി. റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്
,, കെ. ശിവദാസൻ നായർ
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇ. എസ്. ഐ. ആശുപത്രികളെയും ഡിസ്പെൻസറികളെയും നവീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) ഇപ്പോഴുള്ള ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും അവസ്ഥ ഇ. എസ്. ഐ. മെഡിക്കൽ ആനുകൂല്യങ്ങൾ പ്രയോജനപ്പെടുത്തുന്ന തൊഴിലാളികളുടെ താൽപര്യത്തിന് ഉതകുന്നതാണോ;

(സി) അല്ലെങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>ആരോഗ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതി</u>

5707 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ സുരക്ഷാ ഇൻഷുറൻസ് പദ്ധതി പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കുന്ന കണ്ണൂർ ജില്ലയിലെ സർക്കാർ, സഹകരണ, സ്വകാര്യ ആശുപത്രികൾ ഏതെല്ലാമാണ്; എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇതിൻപ്രകാരം രോഗികൾക്ക് ലഭിക്കുന്നത്;

(ബി) കണ്ണൂർ ജില്ലയിലെ കൂടുതൽ ആശുപത്രികളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് ഇ.എസ്.ഐ. ഡിസ്പെൻസറി</u>

5708 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇപ്പോൾ എവിടെയെല്ലാമാണ് ഇ.എസ്.ഐ. ഡിസ്പെൻസറികൾ ഉള്ളതെന്ന് അറിയിക്കുമോ ;

(ബി) കാഞ്ഞങ്ങാട് ഇ.എസ്.ഐ. ഡിസ്പെൻസറിയും ലോക്കൽ ഓഫീസും അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.10.2011-ലെ മറുപടിക്ക്

<u>സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ കാർഡ് പുതുക്കാൻ അവസരം</u>

5709 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**തൊഴിലും പുനരധിവാസവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർന്ന ശേഷം കാർഡ് പുതുക്കുന്നതിന് കഴിയാതെപോയവർക്ക് കാർഡ് പുതുക്കാൻ അവസരം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി തീരുമാനം എടുക്കുമോ?